LIBRARY ARCHIVES Kerala Legislative Assembly

തീരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം

282(2638) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് അവർ താമസിക്കുന്ന ഭൂമിയുടെ പട്ടയം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇത്തരത്തിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

തീരദേശത്ത് പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് താമസിക്കുന്നവർക്ക് 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടപ്രകാരവുമുള്ള വ്യവസ്ഥകൾ പ്രകാരവും പട്ടയം അനുവദിക്കുന്നുണ്ട്. എന്നാൽ CRZ (കോസ്റ്റൽ സോൺ റഗുലേഷൻ) വ്യവസ്ഥകൾ പട്ടയം നൽകുമ്പോൾ പാലിക്കേണ്ടതായിട്ടുള്ളതിനാൽ തീരദേശത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് സർക്കാരിൽനിന്നും പ്രത്യേകം ഉത്തരവ് ആവശ്യമായി വരുന്നുണ്ട്. കൂടാതെ കോസ്റ്റൽ സോണിൽ പട്ടയം നൽകുമ്പോൾ സ്വീകരിക്കേണ്ടിവരുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസവും ഉണ്ടാകുന്നുണ്ട്.

പട്ടയം, കൈവശരേഖ വിതരണം

283(2639) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എത്ര പട്ടയം, കൈവശരേഖ എന്നിവ നൽകിയെന്ന പട്ടിക ജില്ല തിരിച്ച് വിശദമാക്കാമോ?

ക്രമ നമ്പർ	ജില്ല	പട്ടയം
(1)	(2)	(3)
1	തിരുവനന്തപുരം	2759
2	കൊല്ലം	2337

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
3	പത്തനംതിട്ട	759
4	ആലപ്പുഴ	1276
5	കോട്ടയം	853
6	ഇടുക്കി	35095
7	എറണാകുളം	5388
8	തൃശ്ശൂർ	38534
9	പാലക്കാട്	16234
10	മലപ്പുറം	26388
11	കോഴിക്കോട്	10280
12	വയനാട്	3262
13	കണ്ണൂർ	10172
14	കാസർകോട്	9442

(ബി) 2011 -16 കാലയളവിൽ എത്ര പട്ടയം, കൈവശരേഖ എന്നിവ നൽകിയെന്ന പട്ടിക ജില്ല തിരിച്ച് വിശദമാക്കാമോ?

ക്രമ നമ്പർ	ജില്ല	പട്ടയം, കൈവശ രേഖകളുടെ എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	7852
2	കൊല്ലം	1603

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
3	പത്തനംതിട്ട	2155
4	ആലപ്പുഴ	1128
5	കോട്ടയം	3313
6	ഇടുക്കി	23142
7	എറണാകുളം	5705
8	തൃശ്ശൂർ	11109
9	പാലക്കാട്	14514
10	മലപ്പുറം	18164
11	കോഴിക്കോട്	12182
12	വയനാട്	749
13	കണ്ണൂർ	21400
14	കാസർകോട്	11444

മലയോര പട്ടയ ഭൂമിയിലെ കോഴി കൃഷി

284(2640) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര പട്ടയ ഭൂമിയിൽ കോഴി കൃഷി ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് അനുമതി നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വന്യജീവി ആക്രമണംമൂലം വ്യാപകമായി കൃഷി നശിക്കുന്ന സാഹചര്യത്തിൽ കോഴി വളർത്തൽപോലുള്ള കാർഷികാനുബന്ധ പ്രവൃത്തികളിലൂടെ ഉപജീവനം നടത്തുന്ന പട്ടയ ഉടമകളായ മലയോര നിവാസികൾക്ക് ആയതിന് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.